17

# പിളർപ്പിൽ കൂടെ സാധനങ്ങൾ വീഴുമ്പോൾ

## (6:1 - 3)

സഭയുടെ കാര്യ പരിപാടി ഒരു മേശപ്പുറം പോലെയാണെന്നു ഞാൻ ഊഹിക്കുന്നു. അതു വളരെ മിനുസമുള്ളതും, മുഴുവനും പോളിഷ് ചെയ്തതും, ആണെങ്കിൽ എന്നു നാം ആശിക്കുന്നു. സത്യം പറയട്ടെ, അതു പരുപരുത്തതും ആകൃതിയില്ലാത്തതും (ചിലയിടത്ത് ഉയർന്നും, ചിലയിടത്ത് താഴ്ന്നും). അതിലധികമായി പറഞ്ഞാൽ, അതിൽ മുഴുവൻ *പൊട്ടലും* ഉണ്ട്. ചില പൊട്ടലുകൾ വലുതാണ്, ചിലതു ചെറുത്, ചിലത് നീളമുള്ളത്, ചിലതു നീളം കുറഞ്ഞതു ... അവ *അനവധി*യാണ് ... ആ പൊട്ടലുകളിലൂടെ വസ്തുക്കൾ പലതും വീണു പോകും.[1] ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായി പലപ്പോഴും എനിക്കു തോന്നിയിട്ടുണ്ട്, എന്നാൽ പിന്നീട് (ഞാൻ ലജ്ജിച്ചതുമൂലം) അങ്ങനെ ആയിരുന്നില്ല എന്നു കാണും.[2]

*ആളുകൾ* പിളർപ്പിലൂടെ വീണു പോകുമ്പോൾ വലിയ കരു തൽ ഉണ്ടാകേണ്ടിയിരിക്കുന്നു. അംഗങ്ങൾക്കുണ്ടാകുന്ന ആവശ്യങ്ങൾ നമുക്കറിഞ്ഞുകൂടാത്തതു കാണും, അല്ലങ്കിൽ അങ്ങനെ നിറവേറ്റുവാൻ ശ്രദ്ധിച്ചിരിക്കയില്ല. തൽഫലമായി, വികാരം വൃണപ്പെടും. ആളുകൾ സഭ വിട്ടുപോകും; അവർ വിടവിലൂടെ വീണു പോകും ഒരു പക്ഷേ അംഗങ്ങൾ സഭായോഗം മുടക്കിയേക്കാം (എബ്രായർ 10:25), നാം അതു കാര്യമാക്കുകയില്ല; നമ്മൾ ശ്രദ്ധിച്ചാൽ, അതു വലിയ പ്രശ്നമായി കണക്കാക്കുകയില്ല. പലപ്പോഴും നാം പരിശോധിക്കുമ്പോഴാകും, അവർ ആത്മീയമായി ക്ഷയിക്കുകയും പിന്നീട് യഥാസ്ഥാനപ്പെടുത്താൻ പറ്റാത്ത സ്ഥിതിയിലാവുകയും ചെയ്യും. ഈ വിലയേറിയ ആത്മാക്കൾ വിള്ളലിലൂടെ വീണു പോകും.

ആളുകൾ പിളർപ്പിലൂടെ വീണു പോകുന്നതു; ജീവിതത്തിന്റെ ഭാഗമാണ്. നാം ചോദിക്കേണ്ട ചോദ്യം: “എന്തെന്നാൽ ആളുകൾ

പിളർപ്പിലൂടെ വീണു പോകുമ്പോൾ നാം എന്തു *ചെയ്യണം?*" പ്രവൃത്തികൾ 6:1-7-ൽ ദൈവത്തിന്റെ ഉത്തരം.

## ആദിമ സഭയിൽ ആളുകൾ പിളർപ്പിലൂടെ വീണിട്ടുണ്ട് (6:1)

"ആ കാലത്തു ശിഷ്യന്മാർ പെരുകി വരുമ്പോൾ, തങ്ങളുടെ വിധവമാരെ ദിനമ്പ്രതിയുള്ള ശുശ്രൂഷയിൽ ഉപേക്ഷയായി വിചാരിച്ചു എന്നു യവനഭാഷക്കാർ, എബ്രായ ഭാഷക്കാരുടെ നേരെ പിറുപിറുത്തു"[3] (6:1). "ആ കാലത്തു" എന്ന വാക്കുകൾ മുൻകഴിഞ്ഞ അദ്ധ്യായവുമായി യോജിക്കുന്നു: "പിന്നെ ഓരോ ദിവസവും, അവർ ദേവാലയങ്ങളിലും വീടു തോറും, വിടാതെ ഉപദേശിക്കുകയും യേശുവിനെ ക്രിസ്തു എന്നു സുവിശേഷിക്കുകയും ചെയ്തു കൊണ്ടിരുന്നു" (5:42). അപ്പോസ്തലന്മാർ പ്രസംഗിക്കുകയും ഉപദേ ശിക്കുകയും ചെയ്തു കൊണ്ടിരുന്നതിനാൽ, "ശിഷ്യന്മാരുടെ എണ്ണം വർദ്ധിച്ചു."

ക്രിസ്ത്യാനികൾ യെരുശലേമിൽ നിന്നു ചിതറി പോകുവാനിരിക്കുന്ന സമയം അടുത്തിരിക്കുന്നു (8:1-4). ചിലർ വിചാരിക്കുന്നതു ഇപ്പോഴേക്കും സഭ തുടങ്ങിയിട്ടു മൂന്നു നാലു വർഷം കടന്നു പോയി എന്നാണ്; വേറെ ചിലർ കണക്കു കൂട്ടുന്ന ആറോ ഏഴോ വർഷം പിന്നിട്ടിരിക്കും എന്നാണ്. ഇപ്പോഴേക്കും എത്ര ക്രിസ്ത്യാനികൾ സഭയോടു ചേർക്കപ്പെട്ടിരിക്കും? ലൂക്കോസിന്റെ പദപ്രയോഗം നാം ആക്ഷരികമായി എടുത്താൽ ദിനമ്പ്രതി "ചേർക്കപ്പെടുന്നവർ" ഉണ്ടായിരുന്നു, ആകെ എണ്ണം "പെരുകി" പുരുഷാരമായി എണ്ണം വീണ്ടും "പെരുകി" വന്നു, എണ്ണം വീണ്ടും "പെരുകി" വന്നു, എന്നതെല്ലാം വെച്ചു കണക്കാക്കിയാൽ യെരുശലേം സഭയിൽ ഇരുപത്തിനാലായിരമോ മുപ്പതിനായിരമോ അംഗങ്ങൾ ഈ സമയമായപ്പോഴേക്കും ഉണ്ടായിരിക്കാം![4]

ഈ ഇരുപത്തിനാലായിരമോ മുപ്പതിനായിരമോ ആയിതീർന്നവർ വെറുതെ വെള്ളത്തിൽ പോയി മുങ്ങിയവർ ആയിരുന്നില്ല. ഈ വാക്യം അവരെ "ശിഷ്യന്മാർ" എന്നാണ് വിളിച്ചത്. ഈ വാക്ക് സുവിശേഷങ്ങളിൽ ഇടക്കിടെ യേശുവിന്റെ അനുയായികളെ സൂചിപ്പിച്ച് ഉപയോഗിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തികൾകളുടെ പുസ്തകത്തിൽ ഇതാദ്യമായാണ് നാം കാണുന്നത്. "ശിഷ്യന്മാർ" എന്നതിന്റെ അക്ഷരിക അർത്ഥം "പഠിക്കുന്നവൻ"[5] എന്നാണ്. മഹത്തായ ആജ്ഞയിൽ, യേശു തന്റെ ശിഷ്യന്മാർക്കു ഒരു വെല്ലുവിളിയാണ് നല്കിയത്: "ആകയാൽ നിങ്ങൾ പുറപ്പെട്ടു, സകല ദേശത്തിൽ നിന്നും *ശിഷ്യന്മാരെ ഉണ്ടാക്കി*, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനം കഴിപ്പിച്ചും" (മത്തായി 28:19; എംഫസിസ് മൈൻ). ഞാൻ നിങ്ങളോടു കല്പിച്ചതു പോലെ അപ്പൊസ്തലന്മാർ പ്രസംഗിച്ചുവന്നു (മാർക്കോസ് 16:15). അതിന്റെ ഫലമായി, യേശുവിന്റെ ശിഷ്യന്മാരുടെ എണ്ണം പെരുകി.

പ്രാദേശികസഭ *എണ്ണത്തിലും ആത്മീയതയിലും* വളരേണ്ട തിനു

ഞാനും പ്രാർത്ഥിച്ചിട്ടുണ്ട്, വേറെ അനേകരും പ്രാർത്ഥിച്ചിട്ടുണ്ട്. യെരുശലേം രണ്ടിലും വളർന്നുകൊണ്ടിരുന്നു! അതുകൊണ്ട് അതു പൂർണ്ണതയിലെത്തുമോ? തീർച്ചയായും ഇല്ല: ''ആ കാലത്തു ശിഷ്യന്മാരുടെ എണ്ണം പെരുകിവന്ന*പ്പോൾ*, തങ്ങളുടെ വിധവമാരെ ദിനമ്പ്രതിയുള്ള ശുശ്രൂഷയിൽ ഉപേക്ഷയായി വിചാരിച്ചു എന്നു യവനഭാഷക്കാർ എബ്രായ ഭാഷക്കാരുടെ നേരെ പിറുപിറുത്തു, ...'' (6:1; എംഫസിസ്മൈൻ). പരാജയത്തിൻ പ്രശ്നം വരുന്നതു പോലെ വിജയത്തിലും പ്രശ്നം വരും!

പുറത്തു നിന്നു പത്രോസിനെയും യോഹന്നാനെയും തടവിലാക്കിയതു കൂടാതെ – സഭയുടെ വളർച്ച തടയുവാൻ പിശാച് ശ്രമിച്ചു. പിന്നെ അവൻ സഭയ്ക്കകത്തു നിന്നു അനന്യാസിനെയും സഫീരയെയും ഉപയോഗിച്ച് – സഭയെ നശിപ്പിക്കാൻ ശ്രമം തുടങ്ങി. വീണ്ടും പുറത്തു നിന്നു – എല്ലാ അപ്പോസ്തലൻമാരെയും തടവിലാക്കികൊണ്ട് സാത്താൻ പരിശ്രമിച്ചു. ഇപ്പോൾ അവൻ വീണ്ടും സഭയ്ക്കകത്തു പ്രശ്നങ്ങൾ ഉണ്ടാക്കി സഭയെ തകർക്കുവാൻ ശ്രമിക്കുന്നു. ഇടവകയുടെ രണ്ടു *ശക്തികളെ* അവൻ ഉപരോധിച്ചതു ശ്രദ്ധിക്കുക: അതിന്റെ അത്ഭുതാവഹമായ വളർച്ചയും ഓരോ അംഗവും അന്യോന്യം സ്നേഹിച്ചും കരുതിയും നിന്നു (പിശാചിനു നിങ്ങളുടെ ബലഹീനതയിൽ നിങ്ങളെ ആക്രമിക്കാൻ കഴിയില്ലെങ്കിൽ നിങ്ങളുടെ ശക്തിയിലൂടെ അവൻ നശിപ്പിക്കാൻ ശ്രമിക്കും[6]).

യെരുശലേമിലെ സഭ ഓരോരുത്തരും അവരവർക്കുണ്ടായി രുന്നത് പങ്കിട്ടുകൊണ്ടാണ് ഓരോ അംഗത്തിന്റേയും ആവശ്യം നിറ വേറ്റിയത് എന്നു നാം കണ്ടു കഴിഞ്ഞു (2:44, 45; 4:32–35). അംഗങ്ങളുടെ ആവശ്യങ്ങളിൽ മുൻപന്തിയിൽ നിന്നതു വിധവകളുടെ ആവശ്യമായി രുന്നു.[7] അക്കാലത്തു വിധവമാർ വളരെ കഷ്ടതയിലും ദാരിദ്ര്യത്തിലും ആയിരുന്നു, അവരുടെ അന്നദാതാവു നഷ്ടപ്പെട്ട താണു കാരണം. ഉടനെ അവർ വിവാഹം കഴിച്ചില്ലെങ്കിൽ, വളരെയധികം ഞെരുങ്ങേ ണ്ടിവരും. പ്രാരംഭ സഭയുടെ മുഖ്യമായ കരുതൽ അശരണരായ വിധവകളുടെ ആവശ്യങ്ങളെ നിറവേറ്റുന്നതായിരുന്നു (യാക്കോബ് 1:27; 1 തിമോഥെയൊസ് 5:3–16).

4:35 ലെ "ആവശ്യമുള്ളവരെ, ഓരോരുത്തരുടേയും മുട്ടു തീർ ക്കുന്നതിനു" 2:45 ലെ "പങ്കിടലും" വിതരണവും ഒരു ഉൾക്കാഴ്ച്ച നൽകു കയാണ് 6:1: ''ദിവസവും ആഹാരം വിളമ്പിയിരുന്നു.'' തുടക്കത്തിൽ ഒരുപക്ഷേ അപ്പൊസ്തലന്മാരുടെ ഉത്തരവാദിത്വത്തിലാകാം നടന്നതു[8] (അവർ യെരുശലേമിൽ പലചരക്കു സാധനങ്ങളും മറ്റും ചുമന്നിരുന്നു എന്നല്ല, അവർ ആളുകളെക്കൊണ്ട് ചെയ്യിച്ചിരിക്കാം[9]). കുറേ നാളത്തേക്കു ഇതായിരുന്നു ഏർപ്പാട്; എന്നാൽ സഭ വളർന്നതോടെ, ആ ഏർപ്പാട് മതിയാകാതെ വരികയും ആളുകളെ ചിലരെ ഉപേക്ഷിക്കുകയും ചെയ്തു.

സഭയിൽ പിളർപ്പിലൂടെ വീണതു ഇടവകയിലെ ഗ്രീക്കു സംസ്കാര വിഭാഗമാണ് യവനഭാഷക്കാർ ''എബ്രായ ഭാഷകാരുടെ നേരെ പിറുപിറുത്തു എന്നാണ് മൂലഗ്രീക്കിൽ ഉള്ളത്'' (KJV നോക്കുക), അതു

ഒരുപക്ഷെ ജാതികളിൽ നിന്നു ക്രിസ്ത്യാനികളായിതീർന്നവരും യെഹൂദന്മാരിൽ നിന്നു ക്രിസ്ത്യാനികളായി തീർന്നവരും തമ്മിലുള്ള ഒരു വിഭജനമായി തീർന്നു. എന്നിരുന്നാലും, ഈ സമയത്തു ജാതി കളിൽ നിന്നും ആരും ക്രിസ്ത്യാനികളായി തീർന്നില്ല. "ഹെല്ലെനിസ്റ്റ്" എന്നാൽ "ഗ്രീക്കു സംസാരിക്കുന്നവർ" എന്നാണ്. "ഹെല്ലെനിസ്റ്റ് ജൂസ്" എന്നാണ് (NASB യിൽ). അവർ മറ്റു ദേശങ്ങളിൽ ചിതറി പോയ യെഹൂദന്മാരായിരുന്നു,[10] അവരുടെ പ്രഥമഭാഷ യവനഭാഷയായിരുന്നു (അന്നത്തെ സർവ്വലൗകികഭാഷ),[11] അവർ ആയിരിക്കുന്ന ദേശത്തെ ആചാരം അവർ എടുത്തിരുന്നു.[12] മറുവശത്തു, "എബ്രായ സ്വദേശിക ളുടെ" പ്രഥമഭാഷ അരാമിക് ആയിരുന്നു (എബ്രായ ഭാഷയിൽ നിന്നു വേറിട്ട)[13] അവർ തങ്ങളുടെ പിതാക്കൻമാരുടെ ആചാരങ്ങളിൽ അഭിമാനം കൊണ്ടിരുന്നു. ഇവരിൽ അധികവും പാലസ്തീനിലാണ് താമസിച്ചിരുന്നത്, (അവരുടെ കാഴ്ചയിൽ) അവർ ഈ യവനഭാഷ ക്കാരെ കുറഞ്ഞവരായിട്ടേ കണ്ടിരുന്നുള്ളു. "ഏതാണ്ട് ജാതികളെ കാണുന്നതു പോലെ"[14] യെരുശലേം സഭയിൽ പ്രാദേശിക യെഹൂദ ന്മാരും ചിതറിപ്പോയ യവനഭാഷ സംസാരിക്കുന്നവരും യെഹൂദന്മാരും ക്രിസ്ത്യാനികളായി തീർന്നവരായിരുന്നു ഉണ്ടായിരുന്നത്[15] ഇതു വരെ അവർ ഏക ഹൃദയവും ഏക മനസ്സുമുള്ളവരായിരുന്നു എന്നതു സുവിശേഷ ശക്തിയ്ക്ക് ആദരവ് നൽകി (2:46; 4:32; 5:12). ഒന്നെന്താ യാലും, ഏതു സമയത്തും, തിളച്ചു ആവിയാവുന്നതായിരുന്നു.[16]

6–ാം അദ്ധ്യായത്തിൽ സാത്താൻ ചൂടാകാൻ തുടങ്ങി, പാത്ര ത്തിനു ഇളം ചുടുതട്ടി: "ഒരു പരാതി ഉയർന്നു ..."[17] ചില വ്യാഖ്യാതാ ക്കൾ വിശ്വസിക്കുന്നതു ഉപേക്ഷ ഊഹിച്ചെടുത്തതാണെന്നും യവനഭാഷക്കാർക്കു പരാതിപ്പെടേണ്ട കാര്യമൊന്നുമില്ല എന്നുമാണ്. ഇതു സാദ്ധ്യമാണ്; ചിലപ്പോൾ ആളുകൾ വെറുതെ പരാതിപ്പെടും എങ്ങനെയായാലും ഈ യഹൂദന്മാർക്കു നിയമപരമായി പരാതിപ്പെടാ മായിരുന്നു, കാരണം ലൂക്കോസ് പറഞ്ഞതു "അവരുടെ വിധവമാരെ ഉപേക്ഷ*യായി* വിചാരിച്ചു എന്നാണ്," "അവർ തങ്ങളുടെ വിധവമാരെ ഉപേക്ഷയായി *വിചാരിച്ചു* എന്നു കരുതി എന്നല്ല പറഞ്ഞത്."

ചില പണ്ഡിതൻമാർ വിചാരിക്കുന്നതു അതു *മനപ്പൂർവ്വമായ* ഉപേക്ഷയായിരുന്നു എന്നാണ്. അവർ അതിനു കണ്ടെത്തുന്ന കാര ണം, അപ്പൊസ്തലന്മാരും അവർ ഭക്ഷണ വിതരണത്തിനു – ആക്കിയ യെഹൂദന്മാരും തദ്ദേശവാസികളായിരുന്നുവെന്നും, അവർ യവന ഭാഷക്കാരോടു ദുരഭിമാനം വെച്ചു പുലർത്തി എന്നുമാണ്[18] പക്ഷെ അതു മനപ്പൂർവ്വമായിരുന്നു എന്നു വിശ്വസിക്കത്തക്ക തെളിവുകൾ ഒന്നുമില്ല. നാം ഏറ്റവും നല്ല ഉദ്ദേശത്തോടെ കാര്യങ്ങൾ ചെയ്താലും, പിഴർപ്പി ലൂടെ ആളുകൾ വീണു പോകാനിടയുണ്ട്.

**നല്ല നേതൃത്വം ഉണ്ടെങ്കിലും,**
**ആളുകൾ പിഴർപ്പിലൂടെ വീണു പോകും**

ഒരു പ്രധാന പാഠം 1–ാം വാക്യത്തിൽ കാണാൻ കഴിയും: ലോകത്തിലെ ഏറ്റവും വലിയ നേതൃത്വത്തിനു പോലും, നോട്ടക്കുറവു

വരാവുന്നതാണ് ആത്മനിയോഗത്താൽ നയിക്കപ്പെട്ട അപ്പൊസ്തലന്മാരേക്കാൾ ഉയർന്ന നേതൃത്വം ഒരു ഇടവകയിലും ഉണ്ടാവുകയില്ല; എന്നിട്ടും, ഈ പുരുഷന്മാരുടെ നേതൃത്വത്തിലും, ഉപേക്ഷിക്കപ്പെട്ട ആളുകൾ ഉണ്ടായിരുന്നു. ആളുകൾ പിളർപ്പിലൂടെ വീണു പോകുമ്പോൾ, സഭയുടെ നേതൃത്വത്തിന്റെ കുഴപ്പം കൊണ്ടാകണമെന്നില്ല ഈ സാഹചര്യങ്ങളെ എങ്ങനെ *കൈകാര്യം* ചെയ്യുന്നു എന്നതു അവരുടെ കഴിവു തെളിയിക്കുന്നു, ഇത്തരം സാഹചര്യങ്ങൾ ഉണ്ടാകുന്നതു ബലഹീന നേതൃത്വത്തെ സൂചിപ്പിക്കുന്നു എന്നും കരുതരുത്.

## ആളുകൾ പിളർപ്പിലൂടെ വീഴുമ്പോൾ, ഗൗരവമായ പ്രശ്നങ്ങൾ വരാനിടയുണ്ട്

1-ാം വാക്യത്തിൽ നിന്നു മറ്റൊരു പ്രധാനപാഠം പഠിക്കാം: ആളുകൾ പിളർപ്പിലൂടെ വീഴുമ്പോൾ, ഗൗരവമായ പ്രശ്നങ്ങൾ വരുന്നതു യാഥാർത്ഥ്യമാണ്. NASB യിൽ "ഒരു *പരാതി* ഉയർന്നു" എന്നാണ്. "പരാതി" എന്ന വാക്ക് അത്ര ശക്തമല്ല. ഒരിക്കൽ മാത്രം സംഭവിച്ചതു എന്ന പ്രതീതിയാണ് ഈ വാക്ക് നല്കുന്നത്, അല്ലെങ്കിൽ യവന ഭാഷക്കാർ മൂപ്പന്മാരോടു "പരാതി" രജിസ്റ്റർ ചെയ്തു (അവർ അങ്ങനെ ചെയ്തിരിക്കണം [മത്തായി 18:15–17]). "പരാതി" എന്നതു ഗ്രീക്കിൽ തർജ്ജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം "പിറുപിറുക്കൽ എന്നാണ് ... , താഴ്ന്ന അടക്കം പറച്ചിൽ ... രഹസ്യമായ പ്രകടനവും, അതൃപ്തി സൂചകമായ പിറുപിറുപ്പ് എന്നാണ്."[19] യിസ്രായേൽ മരുഭൂമിയിൽ[20] സംസാരിച്ചതിനെ പഴയ നിയമം ഗ്രീക്കിൽ തർജ്ജിമ ചെയ്തിരിക്കുന്ന വാക്കാണിത് ഇതു ഫിലിപ്പിയർ 2:14 ലും ഉപയോഗിച്ചിട്ടുണ്ട്: "എല്ലാം പിറുപിറുപ്പും *വാദവും* കൂടാതെ ചെയ്വിൻ ["പിറുപിറുപ്പ്"; KJV]" (എംഫസിസ്മൈൻ). പഴയ നിയമത്തിലോ പുതിയനിയമത്തിലോ ഈ വാക്ക് ക്രിയാത്മകമായി ഉപയോഗിച്ചിട്ടില്ല അതു സൂചിപ്പിക്കുന്നതു സഭയിലെ അംഗങ്ങൾക്കിടയിൽ ആളുകൾ പിറുപറുപ്പും പരാതിയും ഉള്ളവരായിരുന്നു എന്നാണ് അപരാധിയോടു നേരിട്ടു സംസാരിക്കാതെ മറ്റുള്ളവരോടു അതു പറയുന്നതും ഇതിൽപെടും ഇതു അസന്തുഷ്ടിയുടെ അടുയൊഴുക്കിന്റെ ഭാഗമാണ്. ഇതു അതൃപ്തിയുടെ കൊടുങ്കാറ്റായി ശക്തമായി വളർന്നു ഇടവകയെ ഭാഗിച്ചേക്കാം!

ഈ പ്രശ്നം പരിഹരിച്ചില്ലെങ്കിൽ, ഉടനെ അന്തരഫലം ഉണ്ടാകും. അധികം താമസിയാതെ ജാതികൾക്കും സഭയിൽ യെഹൂദ രോടൊപ്പം അംഗത്വം എടുക്കേണ്ട ഒരു വെല്ലുവിളി നേരിടാതിരിക്കയാണ് പാലസ്തീനിലെ യെഹൂദന്മാർക്കും യവന ഭാഷക്കാർക്കും ഒരുമിച്ചു ജീവിക്കാൻ പ്രയാസമാണെങ്കിൽ, ഒരിക്കലും ജാതികൾക്കും യെഹൂദന്മാർക്കും ഒരുമിച്ചു കഴിയത്തക്ക പ്രത്യാശ ലഭിക്കയില്ല!

എന്റെ ജീവിതകാലത്തു, പല ഇടവകകളും, മുഖ്യമായ പ്രശ്നങ്ങൾ (ഉൾപ്പെട്ടവർക്ക്) കൊണ്ട് വിഭജിക്കപ്പെട്ടിട്ടുണ്ട് മിക്ക കാര്യങ്ങളിലും, ആരംഭ പ്രശ്നം നിസാരമായ ഒന്നായിരിക്കാം അതു ചെറുതായിരുന്നപ്പോൾ, കൈകാര്യം ചെയ്യാൻ എളുപ്പമായിരുന്നു. അതു കൈകാര്യം ചെയ്യാതിരുന്നതുകൊണ്ടു, വളർന്നു – ദു:ഖകരമായ വിഭജനം സംഭവിച്ചു.

## ആളുകൾ പിളർപ്പിൽ കൂടെ വീണപ്പോൾ അപ്പൊസ്തലന്മാർ എന്തുചെയ്തു (6:2, 3)

വലുതാകാതിരിക്കേണ്ടതിന്നു പ്രശ്നം ചെറുതായിരിക്കുമ്പോൾ തന്നെ എങ്ങനെ കൈകാര്യം ചെയ്യും? ആളുകൾ പിളർപ്പിലൂടെ വീണു പോകുമ്പോൾ നാം എന്തു ചെയ്യണം? പ്രധാനമായ ചില നിർദ്ദേശങ്ങൾ നമുക്കു 6:2, 3 വാക്യങ്ങളിൽ നിന്നെടുക്കാം.

### നല്ല അദ്ധ്യക്ഷൻമാർ പ്രശ്നങ്ങൾ - ക്രിയാത്മകമായി ഉടനെ പരിഹരിക്കും

നല്ലവരായ അദ്ധ്യക്ഷന്മാർ പ്രശ്നങ്ങൾ ഉടനെ പരിഹരിക്കും. "പന്തിരുവർ[21] ശിഷ്യൻമാരുടെ കൂട്ടത്തെ വിളിച്ചു വരുത്തി, 'ഞങ്ങൾ ദൈവവചനം ഉപേക്ഷിച്ചു മേശയിൽ ശുശ്രൂഷ ചെയ്യുന്നതു യോഗ്യ മല്ല'" (വാക്യം 2) ഈ പ്രശ്നം അപ്പൊസ്തന്മാർ അറിഞ്ഞതെങ്ങനെ എന്നു നമുക്കറിഞ്ഞുകൂടാ ചിലപ്പോൾ ആരെങ്കിലും അപ്പൊസ്തലന്മാ രുടെ അടുക്കൽ പരാതിയുമായി വന്നേക്കാം – പക്ഷേ എനിക്കു സംശയ മാണ്. അപ്പൊസ്തലന്മാർ ഇതെങ്ങനെ അറിഞ്ഞാലും, ഇത് അറി ഞ്ഞാൽ, അതു കണ്ടില്ലെന്നു നടിച്ചു വിട്ടുകളയാൻ അവർ തയ്യാറാകില്ല അവർ ഉടനെ അതിനു ചിലതു ചെയ്യുവാൻ തീരുമാനിച്ചു അവർ അതു ചെയ്യുമ്പോൾ, അവരുടെ മനസ്സിൽ തട്ടിയതായി കാണിച്ചു കൊടുത്തു.

ഞാൻ അപ്പൊസ്തലൻമാരിൽ ഒരാളായിരുന്നെങ്കിൽ എന്റെ വികാരത്തിൽ വലിയ പോരാട്ടം തന്നെ ഉണ്ടാകുമായിരുന്നു. ആദ്യമായി, ആ വിമർശനത്തെ ഞാൻ വ്യക്തിപരമായി എടുക്കുകയായിരുന്നു: വേദഭാഗം പറയുന്നതു പരാതി "പ്രാദേശിക യെഹൂദയന്മാരെക്കുറി ച്ചായിരുന്നു"; എന്നാൽ വാസ്തവത്തിൽ അത് അപ്പൊസ്തലന്മാർക്കു ണ്ടായിരുന്നു, കാരണം അവരായിരുന്നു വിതരണത്തിന്റെ ഉത്തരവാദി കൾ. ഞാനായിരുന്നെങ്കിൽ ഓ: "നിങ്ങൾ ഇത്ര നന്ദിയില്ലാത്തവരോ! നിങ്ങളുടെ വിധവമാരെ പോഷിപ്പിക്കണം എന്ന നിയമം എവിടെയാണു *ള്ളത്?* ഞങ്ങൾ ഇതു ചെയ്യേണ്ട ആവശ്യമില്ല – ഞങ്ങൾ ഇതു നല്ല മന സ്സോടെ ചെയ്യുന്നതാണ് – പക്ഷേ നിങ്ങളോ നിങ്ങളുടെ അവകാശം ഹനിക്കപ്പെട്ടിരിക്കുന്നു എന്ന രീതിയിലാണ് സംസാരിക്കുന്നത്! ഞങ്ങൾ ഞങ്ങളുടെ കഴിവിന്റെ പരമാവധി ചെയ്യുന്നില്ലേ? അതു നിങ്ങൾക്കറി ഞ്ഞു കൂടേ? ഇതിനെല്ലാം നിങ്ങൾ അല്പം അനുമോദനമെങ്കിലും കാണിക്കണ്ടേ?"

രണ്ടാമതായി, എനിക്കിഷ്ട*പ്പെടാത്ത* പിറുപിറുപ്പും, പരാതിയും, കുറ്റപ്പെടുത്തലും – അവ എന്തായാലും എന്നെ അസന്തുഷ്ടനാക്കുന്നു! എന്റേ ഉടനെയുള്ള പ്രതികരണം ചാടിക്കടിക്കുക എന്നതായിരിക്കും, "പരാതിപ്പെടൽ നിർത്തുക! നിങ്ങൾക്കു നന്നായി ചെയ്യാൻ കഴിയുമെങ്കിൽ, ചെയ്യ്!" ചുരുക്കി പറഞ്ഞാൽ, ഇതൊന്നും "മനസ്സിൽ തട്ടുന്നതല്ല."

ഈ ഉപേക്ഷയെ കുറിച്ചു അപ്പൊസ്തലന്മാർ കേട്ടപ്പോൾ, ഇടവകയെ ഒന്നിച്ചു കൂട്ടിവരുത്തി അവരുടെ കൊതിമൂലമുണ്ടായ പിറു പിറുപ്പിനെ ശാസിക്കയോ പരാതിക്കാരെ ശാസിക്കുകയോ ചെയ്തില്ല.

മറിച്ച്, അവർക്കിടയിൽ നിയമപരമായ ഒരു പ്രശ്നം നിലനിന്നു. അതുകൊണ്ടു പരിഹാരം നിർദ്ദേശിച്ചു അവർ പ്രശ്നത്തോട് മനസ്സിൽ തട്ടി ഇടപ്പെട്ടു അവർ ഉൾപ്പെട്ട എല്ലാവരുടേയും മനസ്സിൽ അതു തട്ടി.

**നല്ല അദ്ധ്യക്ഷന്മാർ ഇടവകയിൽ അന്തർഭവിക്കണം**

ആളുകളോ സാധനങ്ങളോ പിളർപ്പിലൂടെ വീണു പോകു മ്പോൾ, നല്ല അദ്ധ്യക്ഷന്മാർ പരിഹാരത്തിനു ഇടവകയിൽ അകപ്പെടും നാം വായിക്കുന്നതു, ''പന്തിരുവർ ശിഷ്യന്മാരുടെ കൂട്ടത്തെ വിളിച്ചു വരുത്തി[22] എന്നാണ് നാം വായിക്കുന്നത്'' (വാക്യം 2) അവർ എങ്ങനെ യാണത് ചെയ്തതു? ഇരുപതിനായിരം മുപ്പതിനായിരം പേരെ ഒറ്റതവണ വിളിച്ചു ചേർത്തോ? ഇടവകയിലെ ഓരോ ഭാഗത്തിന്റേയും പ്രതിനിധി കളെയാണോ കൂട്ടി വരുത്തിയത് (ഒരുപക്ഷെ കുടുംബത്തലവന്മാർ)? അതിലുപരി, എങ്ങനെ ഇത്രയും വലിയ പുരുഷാരത്തോട് ഇത്ര *ആശയ വിനിമയം* നടത്തി? വിശദമായി എനിക്കൊന്നും അറിഞ്ഞുകൂടാ, ഒന്നെനിക്കറിയാം: അവർ ഇടവകയെ എല്ലാം ഇതിൽ ഉൾപ്പെടുത്തി.

*ഇടവകയിൽ* ഉള്ള വിശ്വാസത്തെ അവർ കാണിച്ചു കൊടു ത്തു. പിറുപിറുപ്പുകാർ പറഞ്ഞു, ''ഞങ്ങൾക്കു നിങ്ങളിൽ വിശ്വാസം *പോരാ*,'' പക്ഷെ ഫലത്തിൽ, അദ്ധ്യക്ഷൻമാർ പറഞ്ഞതു, ''ഞങ്ങൾക്കു നിങ്ങളെ വിശ്വാസമാണ്. ഇപ്പോഴത്തെ ഈ ആവശ്യം നിറവേറ്റുവാൻ പുരുഷന്മാരെ *നിങ്ങൾ* തന്നെ തിരഞ്ഞെടുത്തുകൊൾക'' (വാക്യം 3).

മൂപ്പന്മാരെ നിയമിക്കുന്നതിനെ കുറിച്ചു മറ്റു വേദഭാഗങ്ങളിൽ പറയുന്നുണ്ട് (തിത്തോസ് 1:5; പ്രവൃത്തികൾ 14:21–23), പക്ഷെ *അതെങ്ങനെ* നടന്നു എന്നു സൂചിപ്പിക്കുന്നവാക്യം ഇതാണ്. ചിലർ വിചാരിക്കുന്നതു ഉപദേഷ്ടാവാണ് മൂപ്പന്മാരെ തിരഞ്ഞെടുക്കേണ്ടതെന്നാണ്; വേറെ ചിലർ വിചാരിക്കുന്നതു മൂപ്പന്മാരാണ് തിരഞ്ഞെടുക്കേണ്ടതെന്നാണ്. തിരഞ്ഞെടുപ്പ് നടത്തുവാൻ എപ്പോഴെങ്കിലും പൂർണ്ണയോഗ്യത യുള്ളവർ ഉണ്ടായിട്ടുണ്ടെങ്കിൽ, അതു ആത്മാവിനാൽ - നയിക്കപ്പെട്ട അപ്പൊസ്തലന്മാരായിരുന്നു. അവർ *ഇടവകക്കാരോടു* പറഞ്ഞു, ''*നിങ്ങൾ* തിരഞ്ഞെടുക്കുക!''

ഒരു ഇടവക *ഏതെങ്കിലും* വെല്ലുവിളി നേരിടുമ്പോൾ, ഇടവകയിലെ എല്ലാ അംഗങ്ങളെയും ഉൾപ്പെടുത്തി പരിഹാരം കാണും ഇതു പ്രത്യേകിച്ച് കൂടുതൽ അദ്ധ്യക്ഷന്മാരുടെ ആവശ്യം നേരി ടുമ്പോൾ!

**നല്ല അദ്ധ്യക്ഷന്മാർ പ്രതിനിധികളെ ഉത്തരവാദിത്വം ഏല്പിക്കും**

നല്ല അദ്ധ്യക്ഷന്മാർ കാര്യങ്ങൾ തന്നെത്താൻ ചെയ്യാൻ ശ്രമിക്കയില്ല; അപ്പൊസ്തലന്മാർ പറഞ്ഞു,

> ഞങ്ങൾ ദൈവവചനം ഉപേക്ഷിച്ച മേശകളിൽ ശുശ്രൂഷ ചെയ്യു ന്നതു യോഗ്യമല്ല. ആകയാൽ സഹോദരന്മാരേ, ആത്മാവും ജ്ഞാനവും നിറഞ്ഞു നല്ല സാക്ഷ്യമുള്ള ഏഴുപുരുഷന്മാരെ[23]

> നിങ്ങളിൽ തന്നേ തിരഞ്ഞുകൊൾവിൻ, അവരെ ഈ വേലക്കു ആക്കാം തങ്ങളോ പ്രാർത്ഥനയിലും, വചന ശുശ്രൂഷയിലും ഉറ്റിരിക്കും എന്നു പറഞ്ഞു (വാക്യങ്ങൾ 2–4).

എല്ലാ ക്രിസ്ത്യാനികൾക്കും ഒരേ കഴിവുകളല്ല എന്നു റോമർ 12 ഉം 1 കൊരിന്ത്യർ 12 ഉം വ്യക്തമാക്കുന്നുണ്ട്. ഒരാൾ കണ്ണായും, മറ്റൊരാൾ ചെവിയായും, മറ്റൊരാൾ വായായും, മറ്റുള്ളവർ കൈകളും കാലുകളും ആയി പ്രവർത്തിക്കുന്നു. സഭയിൽ ഒരാൾ ഒരു പ്രവൃത്തിക്കു യോജിക്കും; വേറൊരാൾ വേറൊന്നിനു പ്രാപ്തനാകും. നമുക്കെല്ലാം വെവ്വേറെ ശുശ്രൂഷകളാണുള്ളത്. "വചന*ശുശ്രൂഷക്കു*," ഉപയോഗിച്ച അതേ ഗ്രീക്കു വാക്കാണ് 1–ാം വാക്യത്തിലെ മേശയിലെ ശുശ്രൂഷക്കും അവർ ഉപയോഗിച്ചത്.[24] മറ്റുള്ളവർക്ക് *ആഹാര*ശുശ്രൂഷ നടത്തുവാൻ കഴിയുമായിരുന്നു; അപ്പൊസ്തലന്മാർ *വചന*ശുശ്രൂഷയിൽ ഉത്തരവാദപ്പെട്ടവരാണ്!

അപ്പോസ്തലന്മാർ ചെയ്യേണ്ടതായ ജോലിയുടെ വിവരണങ്ങൾ ദൈവം അവർക്കു നല്കിയിരുന്നു – അവർ ഉയിർത്തെഴുന്നേല്പിന്റെ സാക്ഷികൾ ആകേണ്ടിയിരുന്നു – ഒരു പ്രവൃത്തികൾ നിറവേറ്റുവാൻ അവരെ ആത്മാവ് ശക്തീകരിച്ചു സാത്താനു അവരുടെ ഊർജ്ജം മേശയിൽ ശുശ്രൂഷചെയ്യുന്നതിലേക്കു തിരിച്ചുവിടാൻ കഴിഞ്ഞിരുന്നെങ്കിൽ, പിശാച് വലിയ വിജയം നേടുമായിരുന്നു. അപ്പോൾ കുറച്ചു ആത്മാക്കളെ രക്ഷപ്പെടുമായിരുന്നുള്ളു; സഭയുടെ ആത്മീയ വളർച്ചയും നിശ്ചലമാ കുമായിരുന്നു. എങ്ങനെയായാലും, അപ്പൊസ്തലന്മാർ ദൈവത്തിന്റെ ഉദ്ദേശത്തെയും അവരുടെ സമർപ്പണത്തേയും അറിഞ്ഞിരുന്നു അവർ പറഞ്ഞു, "ഈ പ്രവൃത്തികൾക്കു യോഗ്യതയുള്ള മറ്റാരെയെങ്കിലും തിരഞ്ഞെ ടുക്കുക, ഞങ്ങൾക്കു ദൈവോദ്ദേശം നിറവേറ്റുവാനേ കഴിയൂ!"

നമ്മുടെ, പ്രാദേശിക ഇടവകകളിലെ ഇന്നത്തെ ദൈവം അംഗീകരിച്ച അദ്ധ്യക്ഷന്മാരെ വിളിച്ചിരിക്കുന്നതു മൂപ്പന്മാർ, അദ്ധ്യക്ഷൻമാർ, ഇടയന്മാർ എന്നിങ്ങനെയാണ്. ഈ പുരുഷന്മാരുടെ ജോലികളും ദൈവം വിവരിച്ചിട്ടുണ്ട്: ആട്ടിൻ കൂട്ടത്തെ മേയ്ക്കുക എന്നതാണ് അവർ ചെയ്യേണ്ടത്! ഇടയത്വം നടത്തുന്നതിൽ നിന്നു മേശകളിൽ ശുശ്രൂഷചെയ്യുന്നതിലേക്കു അവരുടെ ജോലി വേർതിരിഞ്ഞു പോകാൻ, എന്തായാലും, എളുപ്പമായിരുന്നു. അതു സംഭവിച്ചാൽ, സാത്താൻ വിജയിയായി, അപ്പോൾ "ഇടയൻ ഇല്ലാത്ത ആടുകളെ പോലെ ആകും" (മത്തായി 9:36) ഇടവകയുടെ മൊത്തം മേൽനോട്ടം വഹിക്കേണ്ടതു മൂപ്പന്മാരാണ്,[25] എന്നാൽ ഇതിനർത്ഥം അവർ തന്നെ എല്ലാം ചെയ്യണമെന്നല്ല. ഒരു പ്രവൃത്തികൾ മറ്റൊരാൾക്കു ചെയ്യാൻ കഴിയുമെങ്കിൽ, മൂപ്പന്മാർ അതു അയാളെ ചെയ്യുവാൻ അനുവദിക്കാം – ഇടയത്വം നടത്തേണ്ടതു അപ്പൊസ്തലമാരാണ് ആ ഉത്തരവാദിത്വം മറ്റാർക്കും ഏല്പിച്ചു കൊടുക്കാവുന്നതല്ല അതാണ് മൂപ്പന്മാർ ചെയ്യേണ്ട അന്തസത്ത![26]

**ഉപസംഹാരം**

ആത്മീയ കണ്ടു പിടിത്തത്തിനു അല്പം സമയം കണ്ടെത്തുക നിങ്ങൾ ആരാധിക്കുന്ന ഇടവക എത്ര നല്ലതാണ്? നിങ്ങൾ അതിൽ എത്രത്തോളം പങ്കാളിയാകുന്നുണ്ട്? വിടവു നികത്തുവാൻ നിങ്ങളുടെ താലന്തു ഉപയോഗിക്കുന്നുണ്ടോ - അതോ വിടവു നിങ്ങൾ കാരണം വർദ്ധിക്കുന്നുണ്ടോ? പ്രശ്നം പരിഹരിക്കുന്നതിനു പകരം നിങ്ങൾ പരാതിയും പരിഭവവുമായി നടക്കാൻ പോലും സാദ്ധ്യത നിങ്ങളിൽ കാണുന്നുവോ?

നിങ്ങൾ ഈ ഹൃദയ പരിശോധനയിൽ ഏർപ്പെട്ടാൽ, നിങ്ങൾ ഒരു ഇടവകയിൽ സജീവ പ്രവർത്തകനല്ല എന്നു സമ്മതിക്കേണ്ടി വ രാം. അങ്ങനെയെങ്കിൽ, നിങ്ങൾ അതിന്റെ ഭാഗമായി തീരണം - "മറ്റൊരാളെ എണ്ണുവാനില്ലെങ്കിൽ, ഒരാൾ ഇപ്പോൾ എണ്ണുവാനുണ്ടെന്നു വരുന്നു."[27]

നിങ്ങൾ ''വിശ്വാസത്തിനു ഒരിക്കലും അനുസരണമുള്ള'' വ്യക്തിയായിരുന്നില്ലന്നു പോലും ചിലപ്പോൾ സമ്മതിക്കേണ്ടിവന്നേക്കാം അതുകൊണ്ട് നിങ്ങളെ കർത്താവു തന്റെ സഭയോട് ചേർത്തിട്ടില്ല, അഥവാ അവന്റെ ശുശ്രൂഷയിൽ നിങ്ങളെ ഉപയോഗിച്ചിട്ടുമില്ല. യേശുവിലുള്ള വിശ്വാസം ഏറ്റു പറയുവാനും ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏലക്കുവാനും ഒരു ദിവസം പോലും നീട്ടി വെക്കരുത്!

---

## പ്രസംഗക്കുറിപ്പുകൾ

---

ഈ പാഠത്തിലെ ഭാഗവും അടുത്തതിലേയും ചെറുതാണെ ങ്കിലും, പ്രത്യേക ശ്രദ്ധ നല്കുന്നതാണ് കാരണം നല്ല ബന്ധത്തിന്റെ ഉൾക്കാഴ്ച്ച അതു നല്കുന്നുണ്ട് ചിലപ്പോൾ ഞാൻ ഈ രണ്ടു പാഠങ്ങളും അദ്ധ്യക്ഷന്മാരെ തിരഞ്ഞെടുക്കേണ്ടതിന്റെ ഒരുക്കത്തിനു ഏടുക്കാറുണ്ട്. പ്രവൃത്തികൾ 6 - ലെ വിഷമ പ്രശ്നം പരിഹരിക്കുന്നതിനു അപ്പൊസ്തലന്മാർ നല്ല തത്വമാണ് കാണിച്ചു തന്നിരിക്കുന്നത്. അവർ ഇടവകയിൽ ഉൾപ്പെട്ടുകൊണ്ടാണ് യോഗ്യതയുള്ള ഏഴുപേരെ തിരഞ്ഞെടുക്കാൻ പറഞ്ഞതു, തിരഞ്ഞെടുക്കുന്നവർക്കു വേണ്ടി അവരുടെ മേൽ കൈവെച്ചു പ്രാർത്ഥിക്കുകയും ചെയ്തു.

---

കുറിപ്പുകൾ

[1]''വിടവിൽ കൂടെ വീഴുക'' എന്നതു ഒരു വാക്യാലങ്കാരമാണ് അർത്ഥം "ഉപേക്ഷിക്കുക" എന്നാണ്. ആ ഉപയോഗം അവ വിചിത്രമെങ്കിൽ, പകരം മറ്റൊന്നു ആകാം. ചുരുങ്ങിയ വിവരണത്താൽ അധികം പേർക്കും ഈ പദപ്രയോഗം മനസ്സിലാക്കും. [2]സഭയിൽ അടുത്ത സമയത്തു ''വിടവിൽ കൂടെ വീണതു'' യോജിക്കുന്നുവെങ്കിൽ ഉദാഹരണമായി എടുക്കുക. (മേൽ നോട്ടം അസന്തുഷ്ടി ഉളവാക്കിയാൽ, അതു ഒരു കാരണമാക്കിയെടുക്കാതെ, മന:പ്പൂർവ്വമല്ലെന്നു ബോധ്യപ്പെടുത്താൻ ഒരുങ്ങണം.) [3]"ഭക്ഷണത്തിന്റെ" എന്ന വാക്ക് തർജ്ജിമക്കാർ

ഉപയോഗിച്ചതാണ്, പറയുന്നതു “മേശയിലെ ശുശ്രൂഷയെയാണ്” (വാക്യം 2). [4]ചിലപ്പോൾ 100,000 ത്തിലും ഉയരും. സംഖ്യ അപ്രധാനമാണ് അതു പറഞ്ഞിരിക്കുന്നതിന്റെ ഊന്നൽ വ്യക്തമാക്കുന്നു *സമ്മൂഴുവൻ* പങ്കെടുത്തു പ്രശ്നം പരിഹരിച്ചു എന്നത്. [5]നിഘണ്ടുവിലെ ''ശിഷ്യൻ'' എന്ന വാക്ക് നോക്കുക. [6]ആഗ്രഹമുണ്ടെങ്കിൽ വിപുലീകരിക്കാവുന്ന ആകർഷണീയമായ ഒന്നാണിത്. അനവധി വിഭാഗം കലകളിലും, പ്രതിയോഗിയുടെ ശക്തി തനിക്ക് എതിരായി ഉപയോഗി ക്കും: ചില കാര്യങ്ങൾ നാം ആത്മീയമായി ശക്തരാണെന്നു വിചാരിച്ച അമിത വിശ്വാസ ത്താൽ ദൈവത്തിൽ ആശ്രയിക്കുന്നതിനു പകരം സ്വാശ്രയത്തിൽ അകപ്പെട്ടു പോകും. [7]ഈ വിധവകളിൽ ചിലർ ദൂരെനിന്നും പെന്തെകൊസ്തു ആഘോഷിക്കാൻ വന്നവർ പരിവർത്തനം ചെയ്തതാകാം (2-ാം അദ്ധ്യായം); ഇതിനിടയിൽ അവരുടെ ഭർത്താക്കന്മാർ മരിച്ചിരിക്കാം ഇവരിൽ നല്ലൊരു ശതമാനം പേർ, എന്നിരുന്നാലും, പാലസ്തീന്റെ മറ്റു ഭാഗങ്ങളിൽ നിന്നോ ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നോ ഉള്ള സ്ത്രീകൾ (മുൻപോ അതിനുശേഷമോ വിധവയായവരാകാം) ജോലിയിൽ നിന്നു പിരിഞ്ഞു, യെരുശലേമിൽ വന്നതാകാം. [8]പണം അവരുടെ കാല്ക്കൽ കൊണ്ടു വെച്ചു (4:35, 37; 5:2), ആളുകളെ അതിന്നു നിയമിച്ചില്ലെങ്കിൽ ആ ജോലിയും, തങ്ങൾ ചെയ്യേണ്ടിവരുമെന്നു അപ്പൊസ്തലന്മാർ സൂചിപ്പിച്ചു (6:2-4). [9]ഒരുപക്ഷെ 5:6, 10 ലെ “യൗവനക്കാർ” സഹായിച്ചിരിക്കും. [10]ഈ യെഹൂദന്മാർ ഉപദ്രവത്താലോ സാമ്പത്തിക ഞെരുക്കത്താലോ ഈ യെഹൂദന്മാർ ചിതറിപ്പോയി.

[11]മഹാനായ അലക്സാണ്ടർ ചക്രവർത്തിയുടെ പിടിച്ചടക്കൽ കാരണം കൊയ്നേ (പൊതുവായി) എന്ന വാക്ക് സംസ്ക്കാര ലോകത്തിൽ എല്ലാം ഉപയോഗിച്ചിരുന്നു. അതിനർത്ഥം ഈ യെഹൂദന്മാർക്ക് അരാമ്യ ഭാഷ അറിഞ്ഞുകൂടാ എന്നല്ല. [12]അനേക യവനഭാഷക്കാരായ യെഹൂദന്മാർ പാലസ്തീനിലെ യെഹൂദന്മാരേക്കാൾ ബുദ്ധിയും സംസ്കാരമുള്ളവരെന്നു ധരിച്ചിരുന്നു. [13]ഇതിനർത്ഥം യെഹൂദന്മാക്കു ഗ്രീക്ക് അറിഞ്ഞുകൂടാ എന്നല്ല; അതിനർത്ഥം അവർ ദിവസേന ഉപയോഗിച്ച ഭാഷ അരാമ്യയായിരുന്നു എന്നത്. [14]ഇതിനർത്ഥം യവനഭാഷക്കാരായ യെഹൂദന്മാർ “നല്ല യെഹൂദന്മാർ” ആയിരുന്നില്ല എന്നല്ല. അവർ അനേക മൈലുകൾ ദൂരെ നിന്നും യെരുശലേമിൽ പെരുനാളുകൾക്കും മറ്റും വന്നവരുണ്ട്. അനേകർ യെരുശലേമിൽ വന്നു താമസിച്ചവരുണ്ട് അതു തെളിയിക്കുന്നതു അവർക്കു ന്യായ പ്രമാണത്തോടുള്ള സമർപ്പണമാണ്. അവരെ കുറഞ്ഞവരായി കാണാൻ കാരണം അവർ മതപരമായ മര്യാദകളെയും വ്യവസ്ഥാപിത മായ മാനുഷിക പാരമ്പര്യത്തെയും മാറ്റിക്കളഞ്ഞതുകൊണ്ട്. [15]യവനഭാഷക്കാരായ നിരവധി യെഹൂദന്മാർ യെരുശെലേം സഭയിലായി തീർന്നവർ ഒരുപക്ഷെ പെന്തെകൊസ്തു ആഘോഷിക്കാൻ വന്നതാകാം (പ്രവൃത്തികൾ 2), അവർ പരിവർത്തനശേഷം, യെരുശലേമിൽ തന്നെ താമസിച്ചു. [16]പ്രവൃത്തികൾ 6:9 സൂചിപ്പിക്കുന്നതു യവനഭാഷക്കാരായ യെഹൂദന്മാർക്കു യെരുശലേമിൽ പ്രത്യേക പള്ളി ഉണ്ടായിരുന്നു എന്നാണ്. ഈ രണ്ടു തരം യെഹൂദന്മാരും അവരുടെ അകലം രണ്ടു കൂട്ടരും സൂക്ഷിച്ചിരുന്നു. [17]സഭയിലെ ആദ്യത്തെ പ്രശ്നം ഉപദേശപരമായരുന്നില്ല, മറിച്ചു പ്രായോഗി കമായിരുന്നു. ചില സഭകൾ ഉപദേശകാരണങ്ങളാൽ വിഭജിച്ചുവെങ്കിൽ; കൂടുതലും വിഭജിക്കാൻ കാരണം പ്രായോഗികപ്രശ്നമാണ്: ഒരു പ്രശ്നവും കണ്ടില്ലെന്നു നടിക്കാ വുന്നതല്ല. [18]വെസ്റ്റേൺ ടെക്സ്റ്റ് പറയുന്നു, “അതു എബ്രായരാൽ നടത്തപ്പെട്ടതു കൊണ്ട്” എന്നാണ് (എന്താണ് “വെസ്റ്റേൺടെക്സ്റ്റ്”? ആദ്യ - നൂറ്റാണ്ടുകളിൽ ക്രിസ്ത്യാനിത്വ ത്തിന്റെ വലിയ കേന്ദ്രങ്ങൾ [2 മുതൽ 4 നൂറ്റാണ്ടു വരെ] തിരുവെഴുത്തുകൾ പകർ ത്തിയും, വീണ്ടും പകർത്തിയും, എടുത്ത വേദഭാഗങ്ങൾ അവർക്കു കിട്ടിയിരുന്നു, അവയെ ടെക്സ്റ്റുകൾ എന്നു പറയുന്നു ഉദാഹരണമായി അലെക്സാന്ത്രിയ, കൈസര്യ, അന്ത്യോക്യാ, വെസ്റ്റേൺ, അല്ലെങ്കിൽ റോം എന്നിവയാണ് അവ. വെസ്റ്റേൺ ടെക്സ്റ്റിന്റെ മുഖ്യസ്വാഭാവം, പ്രാഥമികമായി റോമിനു ചുറ്റും ഉപയോഗിച്ചിരുന്നു, അതുകൊണ്ട്

വിപുലീകരണത്തിനു അഥവാ കൂട്ടിച്ചേർക്കലിനു അങ്ങനെ ഇടയാക്കി, ഈ കൂട്ടിച്ചേർക്കൽ ദൈവശ്വാസിയ ഭാഗങ്ങളേ അല്ല, പക്ഷെ അതു രസകരമാണ്). [19]*ദി അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കോൻ* (ലണ്ടൻ: സാമുവേൽ ബാഗ്സ്റ്റാർ ആന്റ് സൺസ്, 1971), 81. [20]പുറപ്പാട് 15:24; 16:2, 8; 17:3; സംഖ്യാപുസ്തകം 14:2, 27, 29, 36; 16:41; ആവർത്തനപുസ്തകം 1:27.

[21]സാങ്കേതികമായി അപ്പൊസ്തലന്മാരെ വിളിച്ചിരുന്നതാണ് "പന്തിരുവർ" എന്ന്. ശൗൽ/പൗലോസ് അതു പരിവർത്തനം ചെയ്തിരുന്നില്ല; അതിനാൽ യൂദായ്ക്കു പകരം തിരഞ്ഞെടുത്ത മത്ഥിയാസിനെ ദൈവം അംഗീകരിച്ചു എന്നർത്ഥം. [22]ഉദാഹരണത്തിന്, തർജ്ജിമ ചെയ്ത വാക്കായ "ഇടവക" യുടെ അക്ഷരിക അർത്ഥം "പുരുഷൻ" എന്നാണ്. "പെരുകൽ," "വർദ്ധിച്ചു വന്നു" എന്ന ക്രിയക്കു ഉപയോഗിച്ച അതേ മൂലവാക്കുതന്നെയാണ് 6:2-ൽ "ഇടവക" എന്നവാക്കിലും ഉപയോഗിച്ചത് [അല്ലെങ്കിൽ "പെരുകുക"; KJV] 6:1. അപ്പൊസ്തലന്മാർ എല്ലാവരേയും ചേർത്തു "വർദ്ധിച്ച കൂട്ടം" എന്നു വിളിച്ചു. [23]അപ്പൊസ്തലൻമാർ എന്തുകൊണ്ട് പ്രത്യേകമായി *ഏഴ്* എടുത്തു? ധാരാളം ഊഹാപോഹങ്ങൾ ഉണ്ടായിട്ടുണ്ട് ("7" ഒരു പൂർണ്ണസംഖ്യയാണ്, യെഹൂദന്മാരുടെ കമ്മിറ്റിയിൽ 7 പേരാണ് എന്നു തുടങ്ങും, അവ.), എന്നാൽ നമുക്കറിഞ്ഞുകൂടാ ഒരുപക്ഷെ പട്ടണത്തെ (ആവശ്യമുള്ളവരുടെ വീടുകളെ) സ്വാഭാവികമായി ഏഴു ഭാഗങ്ങളായി തിരിച്ചിരിക്കാം, ഓരോരുത്തരും ഓരോ ഭാഗത്തിനു ഉത്തരവാദിയായിരിക്കും. *ചെയ്യേണ്ട ജോലിക്കു ഏഴു പേരാണ് ആവശ്യം എന്നതാണ്* ഏറ്റവും നല്ല ഉത്തരം. മനുഷ്യരെ ജോലിചെയ്യുവാനല്ലങ്കിൽ സ്ഥാനത്തിനുവേണ്ടി ഒരിക്കലും നിയമിക്കരുത് - ആവശ്യമുള്ളതിൽ - കൂടുതൽ പേരെ തിരഞ്ഞെടുക്കരുത്. [24]KJV തർജ്ജിമ ചെയ്തിരിക്കുന്നതു 1-ാം വാക്യത്തിൽ "മിനിസ്ട്രേഷൻ" എന്നു 4-ാം വാക്യത്തിൽ "മിനിസ്ട്രി" എന്നുമാണ്. [25]മുൻകാലങ്ങളിൽ, പ്രവൃത്തികൾ 6:1-7 വരെയുള്ള ഭാഗങ്ങൾ എടുത്തു കൊണ്ട് മൂപ്പന്മാർ ആത്മിയ കാര്യങ്ങളും ശുശ്രൂഷകൻമാർ ഭൗതികകാര്യങ്ങളും സഭയിൽ നടത്തണമെന്നു ചിലർ പഠിപ്പിച്ചിരുന്നു. എങ്ങനെയായാലും, മൂപ്പന്മാരെ മാത്രമാണ്, "അദ്ധ്യക്ഷന്മാർ" "നടത്തുന്നവർ" എന്നു വിളിച്ചിരുന്നത്. "ശുശ്രൂഷകൻ" എന്ന വാക്കിന്റെ അർത്ഥം "ദാസൻ" എന്നാണ്. മൂപ്പന്മാർക്കു യോഗ്യതയുള്ള സഹായികൾ (ശുശ്രൂഷകന്മാർ) ഭൗതികമായ പലകാര്യങ്ങളും നോക്കുവാൻ അങ്ങനെ മൂപ്പൻന്മാർക്കു ആത്മീയകാര്യങ്ങളിൽ ശ്രദ്ധിച്ചു, കൂട്ടത്തെ മേയ്ക്കുവാൻ കഴിയും (എബ്രായർ 13:17). [26]ഇതു ഉപദേഷ്ടാക്കന്മാർക്കും ബാധകമാണ്. പലപ്പോഴും ഉപദേഷ്ടാക്ക ന്മാർക്കു ദൈവ വചനത്തിലും "പ്രാർത്ഥനയിലും ഉറ്റിരിക്കാൻ കഴിയാതെ ധാരാളം കാര്യങ്ങൾ ചെയ്യേണ്ടിവരുന്നുണ്ട്." [27]ഈ ചിന്തകൻ റിച്ചാർഡ് റോജേഴ്സിന്റെ, "ദി ഫസ്റ്റ് ഡിസെൻഷൻ," എന്ന വിജയം എടുത്ത ലബൊക്ക്, ടെക്സാസിലെ, n.d. സൺസെറ്റ് ചർച്ച് ഓഫ് ക്രൈസ്റ്റിൽ, പ്രസംഗിച്ചതാണ്.